പിൻവലിക്കാനാണ് തീരുമാനം. 'സി' ബ്ലോക്കിലെ ഈഞ്ചക്കൽ പമ്പ് ഹൗസിൽ ഒരു ഡീസൽ ജനറേറ്റർ സ്ഥാപിക്കുകയും ലൈനുകളുടെ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഈ പ്രദേശത്തെ നിരോധനം പിൻവലിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ദക്ഷിണ മേഖലയുടെ കീഴിൽ 34 പരാതികൾ പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 16 പേർ കൂട്ടായി എടുത്ത ഒരു സ്വീവർ ലൈൻ വിഛേദിച്ച് പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) പരാതി കിട്ടിയിട്ടുണ്ട്. അന്വേഷണം നടന്നുകൊണ്ടിരിക്കയാണ്.

(എഫ്) വലിയശാലയിലെ ഇന്റർ കണക്ഷൻ പണി പൂർത്തിയാകുന്നതോടു കൂടി ശാസ്തമംഗലം സെക്ഷന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിലെ ഡ്രെയിനേജ് കണക്ഷൻ നിരോധനം പിൻവലിക്കാനാകും.

ബേപ്പൂർ നിയോജകമണ്ഡലത്തിലെ ശവകണ്ടിപറമ്പിൽ കടൽഭിത്തി നിർമ്മാണം

69 [232] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ശവകണ്ടി പറമ്പിൽ കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) 2004 മെയ് ആദ്യവാരത്തിലുണ്ടായ കടൽക്ഷോഭത്തിൽ പ്രസ്തുത പ്രദേശത്ത് നാശനഷ്ടങ്ങൾ ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ ഇതേവരെ എത്ര എസ്റ്റിമേറ്റുകൾ കാലാകാലങ്ങളിലായി തയ്യാറാക്കപ്പെട്ടിട്ടുണ്ട്;

(ഡി) ഓരോ എസ്റ്റിമേറ്റിന്റെയും തുക വ്യക്തമാക്കാമോ;

(ഇ) യഥാസമയം ഭിത്തി കെട്ടുന്നതിനുണ്ടാകുന്ന കാലതാമസം കാരണം സർക്കാരിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നുവോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) കടൽഭിത്തി നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്ത് തുക ലഭിച്ചിട്ടുണ്ട്;

(ജി) വർഷം തിരിച്ച് വ്യക്തമാക്കാമോ;

(എച്ച്) സംസ്ഥാന സർക്കാർ ചെലവു ചെയ്ത തുകയെത്രയാണ്;

(ഐ) ഈ വർഷം തന്നെ പ്രവർത്തി നടപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 105 മീറ്റർ നീളത്തിൽ ശവകണ്ടി പറമ്പിൽ കടൽഭിത്തി നിർമ്മിക്കാൻ 16.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കാനുള്ള നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്റ്റിൽ 640 മീറ്റർ ബേപ്പൂർ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ ശവകണ്ടി പറമ്പ് പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 640 ച.മീ. പുനരുദ്ധാരണ പണികളിൽ ശവകണ്ടി പറമ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 79.36 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്.

(ഇ) ഉണ്ട്.

(എഫ്) 11-ാം ധനകാര്യ കമ്മീഷനിൽ 2000-2005 കാലയളവിലേക്കായി കടൽഭിത്തി നിർമ്മാണത്തിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ജി)

2000-01	. .	20 കോടി
2001-02	. .	10 ,,
2002-03	. .	10 ,,
2003-04	. .	10 ,,

(എച്ച്) നാളിതുവരെ 30.89 കോടി രൂപ ചെലവ് ചെയ്തിട്ടുണ്ട്.

(ഐ) ഫണ്ടിന്റെ ലഭ്യത അനുസരിച്ചും പ്രവർത്തിയുടെ അടിയന്തിര സ്വഭാവം അനുസരിച്ചും നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രവർത്തിക്കാത്ത മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

70 [233] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്ന മീറ്ററുകളിൽ, പ്രവർത്തിക്കാത്തവ മാറ്റി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly